## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6194 07.11.2016-ൽ മറുപടിയ്ക്ക്

### പഞ്ചായത്ത് വകുപ്പിൽ ഹയർ ഗ്രേഡ്

**ചോദ്യം** **ഉത്തരം**

**ശ്രീ. എ.എം. ആരിഫ്** **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ട് / സ്പെഷ്യൽ ഗ്രേഡ് തസ്തികയിൽ 25 ശതമാനം ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി/ സീനിയർ സൂപ്രണ്ട് തസ്തികയുള്ളതിൽ 25% പേർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. |
| (ബി) | പഞ്ചായത്ത് വകുപ്പിൽ 2007-08 മുതൽ ജോലി നോക്കി വരുന്ന സീനിയർ സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് നൽകാതെ, 2009-ൽ ടി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം വഴി വന്നവർക്ക് ഹയർ ഗ്രേഡ് നൽകിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സീനിയർ ഉദ്യോഗസ്ഥർക്ക് ഹയർ ഗ്രേഡ് നിഷേധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഹർജി നിലനിൽക്കുന്നതിനാൽ റേഷ്യോ പ്രൊമോഷൻ നൽകുന്നതിന് ഇപ്പോൾ തടസ്സം നിലനിൽക്കുന്നുണ്ട്. സീനിയോറിറ്റി സംബന്ധിച്ച് ബഹു. സുപ്രീംകോടതി ഉത്തരവ് വരുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ അപാകത പരിഹരിച്ച് ഒരേ തസ്തികയിൽ സീനിയർമാരായ പഞ്ചായത്ത് സെക്രടറിമാർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സീനിയോറിറ്റി സംബന്ധിച്ച് നിലനിൽക്കുന്ന ഹർജിയിന്മേൽ ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പി.എസ്.സി. വഴി നേരിട്ട് നിയമനം നേടിയ ലോവർ ഗ്രേഡ് സെക്രട്ടറിമാർക്ക്, 2010-ലെ ലിസ്റ്റ് പ്രകാരം തെറ്റായ സീനിയോറിറ്റി നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനോമലി അടിയന്തരമായി പരിശോധിച്ച് പരിഹരിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 2010-ലെ സീനിയോറിറ്റി ലിസ്റ്റിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ച സെക്രട്ടറിമാർക്ക് സീനിയോറിറ്റി നൽകിയതിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**